"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് - ലബോറട്ടറിയിലെ ഉപകരണങ്ങG വാർഷിക പരിപാലന കരാറുകളിൽ ഏർപ്പെടുന്നതിനായി തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1914/2026/HOME തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:- ചീഫ് കെമിക്കൽ എക്സാമിനറുടെ 29.11.2025 തീയതിയിലെ സി.ഇ.എൽ.ഡി/813/2025/എസി1 നമ്പർ കത്ത്.

**ഉത്തരവ്**

നീതിന്യായകോടതിയുമായി നേരിട്ട് ബന്ധപ്പെടുന്ന വകുപ്പ് എന്ന നിലയിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ഉപകരണങ്ങളുടെ വാർഷിക പരിപാലന കരാറുകൾ മുടക്കം കൂടാതെ ഉടമ്പടി നടത്തുന്നതിനും, ലാബിന്റെ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ടു പോകുന്നതിനുമായി പ്ലാൻ ശീർഷകത്തിൽ അനുവദിക്കുന്ന തുകയ്ക്ക് പുറമെ 2026-27 സാമ്പത്തിക വർഷത്തിൽ 2210-06-107-97-34(3) നോൺ പ്ലാൻ ശീർഷകത്തിൽ ബജറ്റ് വിഹിതമായി 30 ലക്ഷം രൂപ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശിത കത്തു പ്രകാരം ചീഫ് കെമിക്കൽ എക്സാമിനർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് കെമിക്കൽ എക്സാമിനർ ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ഉപകരണങ്ങൾക്ക് വാർഷിക പരിപാലന കരാറുകളിൽ ഏർപ്പെടുന്നതിനായി 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

3) ഓരോ ഉപകരണത്തിന്റെ കാര്യത്തിലും നിലവിലുള്ള ബജറ്റ് വിഹിതത്തിന് ഉപരിയായി തുക ആവശ്യം വരുന്ന സമയം അധിക ധനാനുമതി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ജോയിന്റ് സെക്രട്ടറി

ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (13.05.2026 ലെ വ്യയം-എ3/342/2026-ധന (ഇ.3467632) പ്രകാരം)

ഡയറക്ടർ, ഐ&പി.ആർ.ഡി. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
Date: 03-06-2026 13:05:56

സെക്ഷൻ ഓഫീസർ